# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2156

22.01.2014-ലെ മറുപടിക്ക്

### ജയിൽ പരിശോധനയും ജീവനക്കാരുടെ അഴിമതി തടയലും

**ചോദ്യം**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

**മറുപടി**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) ജയിലുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും വിപുലീകരിക്കുന്നതിനും എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; | എ) 1993-ൽ ശ്രീ.എ.പി.ഉദയഭാനു അദ്ധ്യക്ഷനായിട്ടുള്ള ജയിൽ പരിഷ്ക്കരണ കമ്മിറ്റി ജയിലുകളെ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| ബി) ജയിലുകളിൽ അഴിമതിയും കൈക്കൂലിയും സ്വജനപക്ഷപാതവും രാഷ്ട്രീയ പ്രവർത്തനവും വർദ്ധിച്ചുവരുന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) ജയിൽ ഉദ്യോഗസ്ഥരുടെ അഴിമതി കണ്ടെത്തുന്നതിനും തടയുന്നതിനും എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (സി) സർക്കാർ ജീവനക്കാർക്ക് ബാധകമായിട്ടുള്ള സംവിധാനം ജയിൽ വകുപ്പിനും ബാധകമാണ്. |
| ഡി) സർക്കാർ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ജയിലുകളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികളുടെ വിശദാംശങ്ങൾ നൽകുമോ? | ഡി) ശ്രീ.എ.പി.ഉദയഭാനു അദ്ധ്യക്ഷനായിട്ടുള്ള ജയിൽ പരിഷ്ക്കരണ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ 227 നിർദ്ദേശങ്ങളാണ് ജയിലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഉണ്ടായിരുന്നത്. ഈ നിർദ്ദേശങ്ങളിൽ നിരവധി എണ്ണം ഇതിനോടകം തന്നെ സർക്കാർ നടപ്പിലാക്കി കഴിഞ്ഞു. ജയിലിലെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും, ജയിലുകളിലെ തടവുകാരുടെ ബാഹുല്യം കുറയ്ക്കുന്നതിനും, തടവുകാർക്ക് പുതിയ തൊഴിൽ പരിശീലന പരിപാടികൾ ഏർപ്പെടുത്തുന്നതിനും, കൂടാതെ ജയിൽ ഉദ്യോഗസ്ഥരുടെ |

| | |
|---|---|
| | പരിശീലനത്തിൽ വരുത്തേണ്ട മാറ്റങ്ങൾ, തടവുകാരുടെ പരോൾ, അകാല വിടുതൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട കാര്യങ്ങൾ എന്നിവയെ സംബന്ധിച്ച് മേൽപ്പറഞ്ഞ കമ്മിറ്റി മുന്നോട്ട് വച്ച നിർദ്ദേശങ്ങളിൽ ഭൂരിഭാഗവും നടപ്പിലാക്കിയിട്ടുണ്ട്. ജയിലുകളിലെ സെക്യൂരിറ്റി സംവിധാനം വർദ്ധിപ്പിക്കുന്നതിന് സി.സി.ടി.വി. സംവിധാനവും, തടവുകാർക്ക് വിവിധ തൊഴിലുകളിൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതികളും പുതുതായി ആരംഭിച്ചിട്ടുണ്ട്. അതുപോലെ വിചാരണ തടവുകാരെ വീഡിയോ കോൺഫറൻസിംഗ് സംവിധാനം വഴി കോടതിയുമായി ബന്ധിപ്പിക്കുന്ന പദ്ധതിയും സംസ്ഥാനത്ത് നടപ്പിലാക്കി വരികയാണ്. അന്തേവാസികളുടെ ബാഹുല്യം കുറയ്ക്കുന്നതിനായി സംസ്ഥാനത്ത് ഒരു സെൻട്രൽ ജയിലിന്റെയും, ഒരു ഹൈസെക്യൂരിറ്റി ജയിലിന്റെയും, ഒരു ജില്ലാ ജയിലിന്റെയും നിർമ്മാണം പുരോഗമിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ